നം ബി.2/19203/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
തീയതി : 01.06.2016.

## പരിപത്രം.

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – കോളേജ് വിദ്യാഭ്യാസ വകുപ്പ് – 2016-17-ലെ സർക്കാർ കോളേജ് അദ്ധ്യാപകരുടെ പൊതുസ്ഥലം മാറ്റം - സംബന്ധിച്ച് -

NAAC Team-ന്റെ സന്ദർശനവുമായി ബന്ധപ്പെട്ട് സ്ഥലം മാറ്റത്തിനപേക്ഷിച്ചിട്ടുള്ള അദ്ധ്യാപകരെല്ലാം NAAC-ന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരാണെന്നും ആയതിനാൽ പരിചയ സമ്പന്നരായ അദ്ധ്യാപകരെ ഈ സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്യുന്നത് NAAC-ന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത അദ്ധ്യാപകരെ NAAC Team-ന്റെ സന്ദർശനത്തിനുശേഷം മാത്രം വിടുതൽ ചെയ്യാൻ പാടുള്ളൂ എന്ന് കോളേജ് പ്രിൻസിപ്പാൾമാർ അറിയിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പൊതു സ്ഥലമാറ്റ ഉത്തരവിൻ പ്രകാരം 2016-17 അദ്ധ്യയന വർഷത്തെ പൊതു സ്ഥലമാറ്റം നൽകപ്പെട്ട അദ്ധ്യാപകർ അതാതു കോളേജുകളിൽ യഥാസമയം ജോയിൻ ചെയ്യേണ്ടതാണ്. 2016 ജൂൺ, ജൂലൈ മാസങ്ങളിൽ NAAC Team-ന്റെ സന്ദർശനം നടക്കുന്ന കോളേജുകളിൽ നിന്നും സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർക്ക് NAAC Team-ന്റെ സന്ദർശനവുമായി ബന്ധപ്പെട്ടുള്ള ജോലികൾ പൂർത്തീകരിക്കാൻ വേണ്ടി എവിടെ നിന്നാണോ സ്ഥലം മാറ്റപ്പെട്ടത് പ്രസ്തുത കോളേജിൽ പരമാവധി 5 ദിവസത്തെ ഡ്യൂട്ടി ലീവ് കോളേജ് പ്രിൻസിപ്പാളിന് അനുവദിച്ചു നൽകാവുന്നതാണ്. ആയതിലേയ്ക്കായി ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

ഒപ്പ്,
വി.വിലാസചന്ദ്രൻ നായർ,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്.

എസ്.വി.01.06.2016.